**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4472** **06-03-2023 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി ചാർജ് വർദ്ധിപ്പിച്ച കെ.എസ്.ഇ.ബി. യുടെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൈദ്യുതി ചാർജ് വർദ്ധനവിലൂടെ നടപ്പ് സാമ്പത്തിക വർഷം കെ.എസ്.ഇ.ബി. യ്ക്കുണ്ടായ അധിക വരുമാനം എത്രയാണെന്ന് വ്യക്തമാക്കുമോ; | (എ) | 25.06.2022–ലെ റെഗുലേറ്ററി കമ്മീഷന്റെ എ.ആർ ആർ ഉത്തരവിലൂടെ കെ.എസ്.ഇ ബി.ലിമിറ്റഡിന്റെ 2022-23 ലെ റവന്യൂ ഗ്യാപ്പ 1927.20 കോടി രൂപയായ് നിജപ്പെടുത്തിയെങ്കിലും 1010.94 കോടി രൂപ മാത്രമാണ് താരിഫിലൂടെ ഈടാക്കാൻ അനുമതി നൽകിയിട്ടുള്ളത്. 6.58% വർദ്ധനയുള്ള താരിഫ് പരിഷ്കരണം ആണ അനുവദിച്ചിട്ടുള്ളത്. 26.06.2022 മുതൽ മാത്രം പ്രാബല്യം വരുത്തിയതിനാൽ, ടി സാമ്പത്തിക വർഷത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന ഏകദേശം 760 കോടി രൂപ മാത്രം അധിക വരുമാനം ലഭ്യമാകുമെന്നാണ് കരുതുന്നത നിലവിലുള്ള താരിഫ് ഉത്തരവിന്റെ കാലാവധ 31.03.2023-ൽ അവസാനിക്കും.<br><br>നടപ്പുസാമ്പത്തിക വർഷത്തിൽ ഇത സംബന്ധിച്ച കണക്കെടുപ്പുകൾ പൂർത്തിയാക്കിയിട്ടില്ല. |
| (ബി) | ഓഡിറ്റ് പ്രകാരം കെ.എസ്.ഇ.ബി. യ്ക്ക് 2021-22 ൽ 736.27 കോടി രൂപയും 2022-23 ലെ ആദ്യ ത്രൈമാസ കണക്കിൽ 230.70 കോടി രൂപയും ലാഭം ആണെന്നിരിക്കെ ഓരോ വർഷവും നഷ്ടക്കണക്ക് നിരത്തി നിരക്ക് വർദ്ധിപ്പിക്കുന്നതിന് ബോർഡ് ആവശ്യം ഉന്നയിച്ചിട്ടുണ്ടോ; എങ്കിൽ റെഗുലറ്ററി കമ്മീഷന് ബോർഡ് സമർപ്പിച്ച നഷ്ടക്കണക്കിന്റെ വിശദാംശവും ലാഭം ആണെന്നുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പും നൽകുമോ; | (ബി) | കെ.എസ്.ഇ.ബി.ലിമിറ്റഡിന് 2021-22-ൽ 736.27 കോടി രൂപ പ്രവർത്തന ലാഭമുണ്ടെങ്കിൽ തന്നെ 01.04.2022-ലെ സഞ്ചിത നഷ്ടം 5304.37 കോടി രൂപയാണ് ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനു വേണ്ടി രൂപീകരിച്ച Pension Master Trust മൂലമുള്ള ബാധ്യത (13896.02 കോടി രൂപ) കൂടി കണക്കിലെടുത്താൽ സഞ്ചിത നഷ്ടം 31.03.2022-ൽ ഏകദേശം 19200.39 കോടി രൂപയാണ്. |

താരിഫ് നിർണ്ണയിക്കുന്നത് പ്രതീക്ഷിത റവന്യ കമ്മിയുടെ അടിസ്ഥാനത്തിലായതിനാലും കെ.എസ്.ഇ.ബി ലിമിറ്റഡ് സഞ്ചിത നഷ്ടത്തിൽ പ്രവർത്തിക്കുന്നതിനാലും നിരക്ക വർദ്ധനവിന്റെ ശുപാർശകൾ നൽകാൻ നിർബന്ധിതമായി തീർന്നു.

താരിഫ് റെഗുലേഷൻ 2021 പ്രകാരം കെ.എസ്.ഇ.ബി.ലിമിറ്റഡ് അഞ്ച വർഷത്തേക്കുള്ള (2022 മുതൽ 2027 വരെ) പ്രതീക്ഷിത വരവുചെലവ് കണക്കുകൾ 31.01.2022- ലും, വരവും ചെലവും തമ്മിലുള്ള അന്തരം (റവന്യൂ കമ്മി) നികത്തുന്നതിനുള്ള താരിഫ് പെറ്റീഷൻ 10.02.2022-ലും സമർപ്പിച്ചിരുന്നു. റെഗുലേറ്ററി കമ്മീഷൻ അഞ്ചുവർഷത്തേക്കുള്ള റവന്യൂ കമ്മ നിജപ്പെടുത്തിയെങ്കിലും, ഒരു വർഷത്തേക്ക മാത്രമേ താരിഫ് പരിഷ്കരണം 25.06.2022-ലെ ഉത്തരവ് പ്രകാരം അനുവദിച്ച തന്നിരുന്നുള്ളു റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച റവന്യ ഗ്യാപ്പ് **അനുബന്ധം-I** ആയി ചേർത്തിട്ടുണ്ട്.

വൈദ്യുതി നിയമം 2003, ദേശീയ താരിഫ നയം, 2016, കമ്മീഷൻ തന്നെ പുറപ്പെടുവിച്ചിട്ടുള്ള താരിഫ് നിർണ്ണയ ചട്ടങ്ങൾ എന്നിവ പ്രകാരം വിശദമായ പരിശോധന നടത്തി വരവു ചെലവു കണക്കുകൾ നിർണ്ണയിച്ച് റവന്യൂകമ്മി തീരുമാനിക്കുന്നത കെ.എസ്.ഇ.ബി. ലിമിറ്റഡ് സമർപ്പിക്കുന്ന പ്രതീക്ഷിത വരവു ചെലവു കണക്കുകളെ സംബന്ധിച്ച പെറ്റീഷനെ അടിസ്ഥാനപ്പെടുത്തിയാണ്.

ലൈസൻസിയുടെ ചിലവിനങ്ങൾ കണക്കാക്കുമ്പോൾ വൈദ്യുതി വാങ്ങൽ ചെലവ മാത്രമല്ല മറിച്ച് വൈദ്യുതി ഉൽപാദന ചെലവ് പ്രസരണ ചെലവ്, ജീവനക്കാരുടെ വേതന ചെലവുകൾ (O&M Expenses), പലിശ ചെലവുകൾ പെൻഷൻ മാസ്റ്റർ ട്രസ്റ്റിലേക്കുള്ള വിഹിതം, തേയ്മാന ചിലവുകൾ (Depreciation), മുടക്കുമുതലിനുള്ള ലാഭവിഹിതം (Return on Equity) എന്നിവ കൂടി കണക്കിലെടുക്കും.

ലൈസൻസിയുടെ വരവ് എന്നത് വിവിധ വിഭാഗം ഉപഭോക്താക്കളിൽ നിന്ന് വൈദ്യുതി ചാർജ്ജായി ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്ന തുകയാണ്. വരവ് ചെലവിനങ്ങൾ തമ്മിലുള്ള

| | | | |
|---|---|---|---|
| | | | അന്തരമാണ് റവന്യൂ കമ്മിയായ കണക്കാക്കുന്നത്. ടി കമ്മി അടുത്ത വർഷങ്ങളിലെ താരിഫിൽ വർദ്ധനവ് വരുത്ത നികത്തുന്നതിനാണ് താരിഫ് പരിഷ്കരിക്കുന്നത 25.06.2022-ലെ ഉത്തരവിലൂടെ റെഗുലേറ്ററ കമ്മീഷൻ അംഗീകരിച്ച റവന്യൂ കമ്മിയുടെ വിശദാംശങ്ങൾ **അനുബന്ധം-II** ആയ കൊടുത്തിരിക്കുന്നു.<br><br>അതായത് **അനുബന്ധം-I** ൽ കൊടുത്തിരിക്കുന്ന റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ചിട്ടുള്ള വരുന്ന നാല് വർഷങ്ങളിലെ (2023-24 മുതൽ 2026-27 വരെയുള്ള) പ്രതീക്ഷിത റവന്യൂ കമ്മി നികത്തുന്നതിനാണ നാലു വർഷത്തേക്കുള്ള താരിഫ് പെറ്റീഷൻ 08.02.2023 -ൽ റെഗുലേറ്ററി കമ്മീഷൻ മുൻപാകെ സമർപ്പിച്ചത്. പെറ്റീഷൻ പ്രകാരം ശുപാർശ ചെയ്തിട്ടുള്ള വർദ്ധനവിന്റെ വിശദാംശങ്ങൾ **അനുബന്ധം III** ആയ ചേർത്തിട്ടുണ്ട്.<br><br>2021-222 ലെ ആഡിറ്റ് പൂർത്തിയാക്കിയ കണക്കുകൾ **അനുബന്ധം – IV** ആയ ചേർത്തിട്ടുണ്ട്. |
| (സി) | ഇത്തരത്തിൽ നിരക്ക് വർദ്ധിപ്പിക്കാൻ പ്രൊപ്പോസൽ നൽകിയതിനുണ്ടായ സാഹചര്യം എന്താണെന്നും അതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർ ആരെല്ലാമാണെന്നും വ്യക്തമാക്കുമോ? | (സി) | റെഗുലേറ്ററി കമ്മീഷൻ നിലവിൽ വന്നതിനു ശേഷം സംസ്ഥാനത്ത് ആദ്യമായി വൈദ്യുതി താരിഫ് പരിഷ്കരണം നടന്നിട്ടുള്ളത് 2002-ലാണ്. പ്രസ്തുത പരിഷ്കരണം കഴിഞ്ഞ് പത്ത് വർഷ കാലയളവിനുശേഷം 2012-ലാണ് അടുത്ത താരിഫ് പരിഷ്കരണം നടന്നത്. പിന്നീട് 2013, 2014, 2017, 2019, 2022 എന്നീ വർഷങ്ങളിലും താരിഫ് പരിഷ്കരണം നടന്നിട്ടുണ്ട്. 2012 ൽ 24%, 2013 ൽ 9.1%, 2014 ൽ 6.7%, 2017 ൽ 4.77% 2019-ൽ 7.32%, 2022-ൽ 6.59% എന്നിങ്ങനെയായിരുന്നു വർദ്ധനവ്. ഈ താരിഫ് പരിഷ്കരണങ്ങളൊന്നും തന്നെ അന്ന് നിലവിലുണ്ടായിരുന്ന റവന്യൂ കമ്മി പൂർണ്ണമായും നികത്തുന്ന തരത്തിലായിരുന്നില്ല. കമ്മീഷൻ അംഗീകരിച്ചതും എന്നാൽ 2020-2021 വരെ താരിഫിലൂടെ നികത്താത്തതുമായ പഴയ കാല റവന്യൂ കമ്മി **7124** കോടിയോളം രൂപയായി നിലനിൽക്കുന്നു. ഈ മുൻകാലകമ്മി കുറഞ്ഞൊരളവിലെങ്കിലും നികത്തിയില്ലെങ്കിൽ സ്ഥാപനത്തിന്റെ സാമ്പത്തിക സുസ്ഥിരതയെയും നിലനിൽപ്പിനെയും തന്നെ ദോഷകരമായി ബാധിക്കും. 2016 –ലെ ദേശീയ വൈദ്യുതി നയമനുസരിച്ച് ഇപ്രകാരം അംഗീകരിക്കപ്പെട്ട വരുമാന കമ്മി ഏറിയ പക്ഷം ഏഴ് |

വർഷം കൊണ്ട് അതിന്റെ പലിശ ഉൾപ്പെടെ നികത്തിയെടുക്കേണ്ടതാണ്.

25.06.2022 –ലെ റെഗുലേറ്ററി കമ്മീഷന്റെ എ.ആർ.ആർ ഉത്തരവിലൂടെ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ 2022-23 ലെ റവന്യൂ ഗ്യാപ്പ് 1927.20 കോടി രൂപയായി നിജപ്പെടുത്തിയെങ്കിലും 1010.94 കോടി രൂപ മാത്രമാണ് താരിഫിലൂടെ ഈടാക്കാൻ അനുമതി നൽകിയിട്ടുള്ളത്. ജനങ്ങളുടെ മേലുള്ള അമിതഭാരം ഒഴിവാക്കാനാണ് കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ സാമ്പത്തിക സ്ഥിതി മോശമാകുമെങ്കിൽ കൂടി ഇപ്രകാരം ഒരു ഉത്തരവ് പുറപ്പെടുവിച്ചത്.

പ്രതിവർഷം 1010.94 കോടി രൂപ അധിക വരുമാനം ലഭിക്കത്തക്ക രീതിയിലുള്ള 6.58% വർദ്ധനയുള്ള താരിഫ് പരിഷ്കരണം ആണ് അനുവദിച്ചിട്ടുള്ളത്. 26.06.2022 മുതൽ മാത്രം പ്രാബല്യം വരുത്തിയതിനാൽ, ടി സാമ്പത്തിക വർഷത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന് ഏകദേശം 760 കോടി രൂപ മാത്രം അധിക വരുമാനം ലഭ്യമാകുമെന്നാണ് കരുതുന്നത് നിലവിലുള്ള താരിഫ് ഉത്തരവിന്റെ കാലാവധി 31.03.2023-ൽ അവസാനിക്കും.

01.04.2023 മുതലുള്ള താരിഫ്, കെ. എസ്.ഇ.ബി ലിമിറ്റഡ് സമർപ്പിക്കുന്ന പെറ്റീഷൻ പ്രകാരം കമ്മീഷൻ തീരുമാനമെടുക്കുന്നതാണെന്ന് റെഗുലേറ്ററി കമ്മീഷന്റെ എ.ആർ.ആർ. ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ 25.06.2022- ലെ എ.ആർ.ആർ. ഉത്തരവിലൂടെ 2022 മുതൽ 2027 വരെയുള്ള റവന്യൂ ഗ്യാപ്പ് നിർണ്ണയിച്ചു നൽകിയിരുന്നു. ടി കമ്മി യഥാസമയം താരിഫിലൂടെ പിരിച്ചെടുത്തില്ലെങ്കിൽ ബോർഡിന്റെ സാമ്പത്തിക സ്ഥിതി കൂടുതൽ മോശകരമായ അവസ്ഥയിലേക്ക് നീങ്ങും. കമ്മീഷൻ അംഗീകരിച്ച റവന്യൂ ഗ്യാപ്പ് താരിഫ് പരിഷ്കരണത്തിലൂടെ ഈടാക്കിയില്ലെങ്കിൽ ചെലവിനങ്ങൾക്കായി ധനകാര്യ സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടി വരും.

കൂടാതെ താരിഫ് ഉത്തരവിലൂടെ അനുവദിച്ച തന്നതും, എന്നാൽ അതു വർഷങ്ങളിൽ നികത്തപ്പെടാത്തതും, തുടർന്ന് 2022-27 കാലയളവിൽ റവന്യൂ കമ്മി തീരുമാനിക്കുന്നതിന് പരിഗണിച്ചതുമായ 3350 കോടി രൂപ താരിഫിലൂടെ നികത്തപ്പെടേണ്ടതായിട്ടുണ്ട്. പണപ്പെരുപ്പം മൂലം വർദ്ധിച്ചുവരുന്ന പ്രവൃത്തി പരിപാലന ചെലവുകൾ, അവശ്യം നടത്തപ്പെടേണ്ട മൂലധനനിക്ഷേപ പ്രവൃത്തികൾക്കുള്ള ചെലവുകൾ, വൈദ്യുതി വാങ്ങൽ ചെലവുകൾ തുടങ്ങിയവ കെ.എസ്.ഇ.ബി.ലിമിറ്റഡിന്റെ റവന്യൂ ഗ്യാപ്പ്

| | | | |
|---|---|---|---|
| | | | വർദ്ധിപ്പിക്കുന്നു. ഈ സാഹചര്യത്തിലാണ്, സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ 2023-27 കാലയളവിലേക്ക് താരിഫ് പരിഷ്കരിക്കുന്നതിനായി പെറ്റീഷൻ സമർപ്പിച്ചത്.<br><br>കെ.എസ്.ഇ.ബി.ലിമിറ്റഡിന് 2021-22-ൽ 736.27 കോടി രൂപ പ്രവർത്തന ലാഭമുണ്ടെങ്കിൽ തന്നെ 01.04.2022-ലെ സഞ്ചിത നഷ്ടം 5304.37 കോടി രൂപയാണ്. ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനു വേണ്ടി രൂപീകരിച്ച Pension Master Trust മൂലമുള്ള ബാധ്യത (13896.02 കോടി രൂപ) കൂടി കണക്കിലെടുത്താൽ സഞ്ചിത നഷ്ടം 31.03.2022-ൽ ഏകദേശം 19200.39 കോടി രൂപയാണ്.<br><br>താരിഫ് നിർണ്ണയിക്കുന്നത് പ്രതീക്ഷിത റവന്യൂ കമ്മിയുടെ അടിസ്ഥാനത്തിലായതിനാലും കെ.എസ്.ഇ.ബി ലിമിറ്റഡ് സഞ്ചിത നഷ്ടത്തിൽ പ്രവർത്തിക്കുന്നതിനാലും നിരക്ക് വർദ്ധനവിന്റെ ശുപാർശകൾ നൽകാൻ നിർബന്ധിതമായി തീർന്നു.<br><br>നിലവിലുള്ള താരിഫ് ഉത്തരവിന്റെ കാലാവധി 31.03.2023-ൽ അവസാനിക്കുന്നതിനാൽ, 01.04.2023 മുതലുള്ള താരിഫിന് പുതിയ പെറ്റീഷൻ സമർപ്പിക്കണമെന്ന റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ 03.02.2023-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ താരിഫ് ആന്റ് റെഗുലേറ്ററി അഫയേഴ്സ് സെല്ലാണ് നിരക്ക് വർദ്ധനവിന്റെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം -I**

**റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച റവന്യൂ ഗ്യാപ്പ്**

| **വർഷം** | കമ്മീഷൻ അംഗീകരിച്ച റവന്യൂ ഗ്യാപ്പ് **(കോടിയിൽ)** |
|---|---|
| 2022-23 | 1927.20 |
| 2023-24 | 2939.09 |
| 2024-25 | 3020.30 |
| 2025-26 | 2837.26 |
| 2026-27 | 2882.09 |

**സെക്ഷൻ ഓഫീസർ**

അനുബന്ധം - II

# Summary of Approved ARR&ERC for the control period

| No | Particulars | 2022-23 (Rs.Cr) | 2023-24 (Rs.Cr) | 2024-25 (Rs.Cr) | 2025-26 (Rs.Cr) | 2026-27 (Rs.Cr) |
|---|---|---|---|---|---|---|
| 1 | Cost of Generation | 613.86 | 690.46 | 734.63 | 767.00 | 803.69 |
| 2 | Cost of Power Purchase | 9833.64 | 10564.23 | 10716.26 | 11130.01 | 11747.83 |
| 3 | Cost of Intra State Transmission | 1310.51 | 1533.34 | 1706.12 | 1852.41 | 1983.01 |
| 4 | O&M Expenses | 3345.05 | 3605.40 | 3830.59 | 4074.97 | 4444.12 |
| 5 | I&F charges | 1649.61 | 1541.56 | 1499.43 | 1475.22 | 1424.16 |
| 7 | Additional contribution to Master Trust | 333.42 | 333.42 | 333.42 | 333.42 | 333.42 |
| 12 | Depreciation | 266.09 | 285.00 | 328.04 | 376.34 | 383.89 |
| 13 | Recovery of previous gap | 850.00 | 850.00 | 850.00 | 500.00 | 300.00 |
| 14 | Repayment of Bond | 339.42 | 339.42 | 339.42 | 339.42 | 339.42 |
| 15 | **Total Revenue Expenditure** | 18541.61 | 19742.82 | 20337.91 | 20848.79 | 21759.54 |
| 16 | Return on Equity | 253.5 | 253.5 | 253.5 | 253.5 | 253.5 |
| 17 | **Aggregate Revenue Requirement** | 18795.11 | 19996.32 | 20591.41 | 21102.29 | 22013.04 |
| 18 | Less Nontariff Income | 829.04 | 801.27 | 841.33 | 883.40 | 927.57 |
| 19 | Net ARR | 17966.07 | 19195.05 | 19750.08 | 20218.89 | 21085.47 |
| | **Revenue** | | | | | |
| 20 | **Net revenue from tariff** | 15309.04 | 15873.80 | 16611.19 | 17381.63 | 18203.38 |
| 21 | **Revenue from sale of surplus power** | 729.83 | 382.16 | 118.59 | | |
| 22 | Total revenue from sale of Power | 16038.87 | 16255.96 | 16729.78 | 17381.63 | 18203.38 |
| | **Revenue gap** | **1927.20** | **2939.09** | **3020.30** | **2837.26** | **2882.09** |

**അനുബന്ധം III**

**കെ.എസ്.ഇ.ബി.എൽ സമർപ്പിച്ച പെറ്റീഷനിലെ വൈദ്യുതി നിരക്ക് വർദ്ധനവിന്റെ വിശദാംശങ്ങൾ**

| വർഷം | അധിക വരുമാനം (കോടി രൂപ ) | വർദ്ധനവ് (%) | വർദ്ധനവ്/ യൂണിറ്റ് (പൈസ) |
|---|---|---|---|
| **2023-24 (Proposal)** | 1044.43 | 6.19 | 41 |
| **2024-25 (Proposal)** | 834.17 | 4.50 | 31 |
| **2025-26 (Proposal)** | 472.64 | 2.36 | 17 |
| **2026-27 (Proposal)** | 29.80 | 0.14 | 1 |

**സെക്ഷൻ ഓഫീസർ**

## Kerala State Electricity Board Limited
## Standalone Statement of Profit and Loss for the year ended 31 March 2022

₹ in crores

| | Particulars | Note | Year ended 31 March 2022 | Year ended 31 March 2021 Restated |
|---|---|---|---|---|
| | **Income** | | | |
| I | Revenue From Operations | 27 | 16,366.93 | 14,420.84 |
| II | Other Income | 28 | 618.69 | 748.76 |
| III | **Total Income** | | **16,985.62** | **15,169.60** |
| IV | **Expenses** | | | |
| | Purchase of Power | 29 | 8,532.16 | 7,977.20 |
| | Generation of Power | 30 | 1.17 | 4.80 |
| | Repairs & Maintenance | 31 | 295.57 | 259.78 |
| | Employee benefits expense | 32 | 3,867.35 | 3,910.78 |
| | Finance costs | 33 | 1,618.25 | 1,726.36 |
| | Depreciation and amortization expense | 34 | 1,139.74 | 1,007.68 |
| | Other Expenses | | | |
| | a) Administrative and General Expenses | 35 | 613.01 | 592.89 |
| | b) Others | 36 | 164.19 | 146.58 |
| V | **Total Expenses** | | **16,231.44** | **15,626.07** |
| VI | **Profit/(Loss) before exceptional items and tax (III- V)** | | **754.18** | **(456.47)** |
| VII | Exceptional Items | 37 | 17.91 | 18.61 |
| VIII | **Profit/(Loss) before tax (VI-VII)** | | **736.27** | **(475.08)** |
| IX | Tax expense: | | | |
| | (1) Current tax | | - | - |
| | (2) Deferred tax | | - | - |
| X | **Profit/(Loss) for the period from continuing operations (VIII-IX)** | | **736.27** | **(475.08)** |
| XI | **Profit/(loss) from discontinued operations** | | - | - |
| XII | **Profit/(Loss) from Discontinued operations** | | - | - |
| XIII | **Profit/(Loss) for the period (X+XII)** | | **736.27** | **(475.08)** |
| | **Other Comprehensive Expense** | | | - |

| | | | | |
|---|---|---|---|---|
| | A (i) Items that will not be reclassified to profit or loss | | | |
| | Remeasurement of the Defined Benefit Plans | 38 | (966.66) | (4,390.28) |
| | (ii) Income tax relating to items that will not be reclassified to profit or loss | | - | - |
| | B (i) Items that will be reclassified to profit or loss | | - | - |
| | (ii) Income tax relating to items that will be reclassified to profit or loss | | - | - |
| **XIV** | **Total Other Comprehensive Expense for the year** | | (966.66) | (4,390.28) |
| XV | **Total Comprehensive Expense for the year (XIII+XIV)** | | (230.39) | (4,865.36) |
| XVI | Earnings per equity share (for continuing operation):<br>Basic & Diluted ₹ | 39 | 2.10 | (1.36) |

**The accompanying notes are an integral part of the Standalone Financial Statements.**
For and on behalf of the Board

**Sd/-**
Dr. Rajan N Khobragade IAS
Chairman & Managing Director
DIN: 06705427

**Sd/-**
V.R.Hari IRS
Director(Finance)
DIN: 09491040

**Sd/-**
Biju R FCA
Chief Financial officer

**Sd/-**
Lekha G FCA, ACS, LLB
Company Secretary

As per our report of even date
For Krishnamoorthy & Krishnamoorthy
Chartered Accountants
FRN:001488S

**Sd/-**
R Venugopal
Partner
M.No.202632

Thiruvananthapuram
7/28/2022

For Mohan & Mohan Associates
Chartered Accountants
FRN:002092S

**Sd/-**
R Suresh Mohan
Partner
M.No.013398

For JRS & Co.
Chartered Accountants
FRN:008085S

**Sd/-**
Rajesh Ramachandran
Partner
M.No.206211